25582
23/8/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് കൽപ്പറ്റ ഓഫീസ് കെട്ടിടം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിനു സമീപമുള്ള IWEP കെട്ടിടത്തിലേയ്ക്ക് മാറ്റുന്നത് - ഓഫീസ് സാധനങ്ങൾ മാറ്റുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.458/2014/സാനീവ തിരുവനന്തപുരം, തീയതി, 25.07.2014.

==========================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പു ഡയറക്ടറുടെ 25.11.2013, 02.03.2014 തീയതികളിലെ ICDS.B5-21521/13 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള, കൽപ്പറ്റ മുനിസിപ്പാലിറ്റി കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ഐ.സി.ഡി.എസ് ഓഫീസ്, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിനു സമീപമുള്ള IWEP കെട്ടിടത്തിലേയ്ക്ക് മാറ്റിയതായും ആയതിന്റെ ഭാഗമായി ഓഫീസ് സാധനങ്ങൾ മാറ്റുന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജായ 3,250/- രൂപയും കയറ്റിറക്കുകൂലിയിനത്തിൽ 15,000/- രൂപയും ഉൾപ്പെടെ ആകെ 18,150/- രൂപ അനുവദിക്കണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പു ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൽപ്പറ്റ ഐ.സി.ഡി.എസ് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ ഓഫീസ് സാധനങ്ങൾ എത്തിക്കുന്നതിന് കയറ്റ് - ഇറക്ക് കൂലിയായ ആകെ 18,150/- രൂപ (പതിനെട്ടായിരത്തി ഒരുനൂറ്റി അമ്പത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-98(01) Plan 05-OE-4 അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൽ.എ. ഗ്രിഗോറിയസ്
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയാ വിഭാഗം
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ